**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6268** **17-03-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരിക്കുന്നതിനുള്ള സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെല്ല് സംഭരിക്കുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (എ) | കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെല്ല് സംഭരിക്കുന്നതിന് പാലക്കാടും കോട്ടയത്തും സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ 36 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>മേൽ പ്രകാരമുള്ള അതേ ഉദ്ദേശലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ. 4505 (KAPCOS) രജിസ്റ്റർ ചെയ്തു പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് റൈസ് മിൽ മാതൃകയിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെല്ല് സംഭരിക്കുന്നതിന് പാലക്കാടും കോട്ടയത്തും സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ 36 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. |

| | | | |
|---|---|---|---|
| | | | 1449 (PAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>മേൽ പ്രകാരമുള്ള അതേ ഉദ്ദേശലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ. 4505 (KAPCOS) രജിസ്റ്റർ ചെയ്തു പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് റൈസ് മിൽ മാതൃകയിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ